# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 236 27.01.2014-ൽ മറുപടിയ്ക്ക്

**പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ മെസ് അലവൻസ്**

**ചോദ്യം** | **ഉത്തരം**

ശ്രീ. ആർ. രാജേഷ്
" പുരുഷൻ കടലുണ്ടി
" കെ.വി. വിജയദാസ്
" കോലിയക്കോട് എൻ. കൃഷ്ണൻ നായർ

**ശ്രീ. എ.പി. അനിൽകുമാർ**
**(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാര മേറ്റശേഷം പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്കുള്ള മെസ് അലവൻസ് വർദ്ധിപ്പിച്ചിരുന്നോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം 26/10/2013 ലെ സ.ഉ(കൈ) നം.85/13/ പജപവവിവ നമ്പർ ഉത്തരവ് പ്രകാരം പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ മെസ് ചാർജ്ജ് 1300/-രൂപയിൽ നിന്നും 2,000/-രൂപയായും, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ മെസ് ചാർജ്ജ് 1500/-രൂപയിൽ നിന്ന് 2300/- രൂപയായും, ശ്രീ അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ പ്രതിദിന മെസ് ചാർജ്ജ് 100 രൂപയിൽ നിന്നും 130 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | മെസ് തുക ഭക്ഷ്യവില വർദ്ധനവിനനുസൃതമായി വർദ്ധിപ്പിക്കാത്തതിനാൽ ഈ ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾ ദുരിതം നേരിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടായ വർദ്ധനവ് കാരണം നിശ്ചിത അളവിലുള്ള മെനു പ്രകാരമുള്ള ഭക്ഷണം നൽകാൻ നിലവിലുള്ള തുക അപര്യാപ്തമാണ് എന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിലാണ് ഹോസ്റ്റലുകളിലെ മെസ് ചാർജ്ജ് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചത്. 26/10/2013 ലെ സ.ഉ(കൈ) നം.85/2013/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം മെസ് ചാർജ്ജ് വർദ്ധിപ്പിതിനുശേഷം മെനു പ്രകാരം ഭക്ഷണം നൽകുന്നതിന് ബുദ്ധിമുട്ടു ള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |

Sali · K.J

**സെക്ഷൻ ഓഫീസർ**